സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഇലക്ട്രിക്കൽ വിഭാഗം ലക്ചറർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലമാറ്റം - സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/16451/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 04.09.2023

---

വായന:- 1.ഈ ഓഫീസിലെ 22/08/2023 ലെ ലെ ഇതേ നമ്പർ പൊതു സ്ഥലം മാറ്റ ഉത്തരവ്
2. ഷിബു ഗണേഷ് സമർപ്പിച്ച 24.08.2023 ലെ അപേക്ഷ
3. 29.07.2023, 24.08.2023 എന്നീ തീയതികളിലെ കോട്ടയം ഗവ. പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ കത്ത് നമ്പർ E2/4636/23/ജിപിസി-എൻടികെ
4. 25.07.2023 ലെ ഈ കാര്യാലയത്തിലെ EC1/24613/23/ഡിടിഇ - )0 നംബർ ഉത്തരവ്

**ഉത്തരവ്**

വായന (1) പ്രകാരമുള്ള 2023 ലെ സ്പാർക്ക് നിർമ്മിത പൊതു സ്ഥലമാറ്റ ഉത്തരവിൽ ഈ വകുപ്പിന് കീഴിലുള്ള കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗം ലക്ചറർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഷിബു ഗണേഷിന് പുനലൂർ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥലമാറ്റിക്കൊണ്ട് ഉത്തരവായിരുന്നു. തുടർന്നു വായന 2 പ്രകാരമുള്ള ഷിബു ഗണേഷിൻറെ അപേക്ഷയിൻമേൽ കോട്ടയം സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ ടിയാനെ സ്ഥാപനത്തിൽ നിലനിർത്തുന്നതിനുള്ള അപേക്ഷ വായന 3 പ്രകാരം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിലും വായന 4 ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലും, മുട്ടം പോളിടെക്നിക്കിൽ NBA accreditation നുമായി ബന്ധപ്പെട്ട് സ്റ്റാഫിനെ ആവശ്യമാകയാൽ QIP deputation പൂർത്തിയാക്കിയ സാഹചര്യത്തിൽ കോട്ടയം സർക്കാർ പോളിടെക്നിക്കിൽ നിയമനം നല്കിയ അനിൽ കുര്യനെ മുട്ടം പോളിടെക്നിക്കിലേക്ക് സ്ഥലം മാറ്റിക്കൊണ്ടും പൊതു സ്ഥലം മാറ്റം 2023 പ്രകാരം കോട്ടയം സർക്കാർ പോളിടെക്നിക്കിൽ നിന്നും പുനലൂർ ഗവ.പോളിടെക്നിക്കിലേക്ക് സ്ഥലം മാറ്റം ലഭിച്ച ഷിബു ഗണേഷിനെ കോട്ടയം സർക്കാർ പോളിടെക്നിക്കിൽ നിലനിർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

അതോടൊപ്പം തൃശ്ശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുണ്ടായിരുന്ന തുറന്ന ഒഴിവ് വായന 1 പ്രകാരമുള്ള പൊതു സ്ഥലം മാറ്റ ഉത്തരവ് 2023 പ്രകാരം നികത്തപ്പെട്ടതിനാൽ ടി സ്ഥാപനത്തിൽ വായന 4 ഉത്തരവിലെ വ്യവസ്ഥയിൻമേൽ നിയമിക്കപ്പെട്ട പ്രവീൺ ശർമ്മയ്ക്ക് പാലാ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥാപനമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

സ്ഥലംമാറ്റം ലഭിച്ച മേൽ ജീവനക്കാർക്കു കെ.എസ്സ്.ആർ ഭാഗം I, ചട്ടം 127 പ്രകാരം അനുവദനീയമായ പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരം അനുവദനീയമായ സ്ഥലം മാറ്റത്തിനുള്ള യാത്രപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കും.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ജീവനക്കാരെ ഉടൻ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരും കാലം യഥാസമയം ഡിഡിഎഫ്എസ് മുഖേന ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

Draft #7 of File EC1/16451/23/DTE Approved by Senior Joint Director (PS) on 04-Sep-2023 02:17 PM - Page 1

ഒപ്പ്/-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1.ബന്ധപ്പെട്ട ജീവനക്കാർ /സ്ഥാപന മേധാവികൾ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം)
2.ഐടി സെൽ,ഡി ടി ഇ (പ്രസിദ്ധീകരണത്തിന്)
3.കരുതൽ ഫയൽ

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 04.09.2023
Reason: Approved

Draft #7 of File EC1/16451/23/DTE Approved by Senior Joint Director (PS) on 04-Sep-2023 02:17 PM - Page 2

The document is digitally approved. Hence signature is not needed.